എച്ച്.2/5594/2022/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 05/08/2022.
supdth.dge@kerala.gov.in
ഫോൺ 0471 - 2580515

## പരിപത്രം

വിഷയം :- പൊതുവിദ്യാഭ്യാസം - ജീവനം - തസ്തിക നിർണ്ണയം 2022-23 - പുതുക്കിയ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :-
1. ഈ ഓഫീസിലെ 15/07/2022 ഇതേ നമ്പർ പരിപത്രം
2. സ.ഉ(സാധാ) നം.4441/2022/പൊ.വി.വ തീയതി :01/08/2022
3. 18/04/2022 ലെ സ.ഉ.(പി)നം. 5/2022/പൊ.വി.വ.
4. 20/07/2022 ലെ ഇതേ നമ്പർ കത്ത്
5. 14/07/2022 ലെ സ.ഉ(വി)നം.8/2022/പൊ.വി.വ.
6. 04/08/2022 ലെ കത്ത് നം. എച്ച്2/10483/2022/ഡി.ജി.ഇ

......

സൂചന (1) സർക്കുലർ പ്രകാരം 2022-23 വർഷത്തെ തസ്തിക നിർണയവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം 2022-23 വർഷത്തെ തസ്തിക നിർണയത്തിന് 15/07/2022 തീയതി പ്രാബല്യം നൽകിക്കൊണ്ടും, ബന്ധപ്പെട്ട ചട്ടങ്ങളിൽ താൽക്കാലികമായി ഇളവുകൾ നൽകിക്കൊണ്ടും തസ്തിക നിർണയ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം പുനഃക്രമീകരിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ തസ്തിക നിർണയവും അദ്ധ്യാപക ബാങ്ക് നവീകരണം, സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസവും സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## I.തസ്തിക നിർണയം

സൂചന (3) കത്ത് പ്രകാരം തസ്തിക നിർണയ ഉത്തരവുകൾ ഈ ഓഫീസിലെ നിർദ്ദേശം ലഭിച്ച് മാത്രമേ പുറപ്പെടുവിക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. 2022-23 വർഷ തസ്തിക നിർണയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് അനുമതി നൽകുന്നു.

**2022-23 വർഷം വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള ആനുപാതം കുറച്ചുകൊണ്ടുള്ള യാതൊരുവിധ സംരക്ഷണവും ഇല്ല എന്ന കാര്യം വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.**

സൂചന (6) സർക്കാർ ഉത്തരവ് പ്രകാരം 20/08/2022 വരെ തസ്തിക നിർണയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സമയം അനുവദിച്ചിട്ടുണ്ടെങ്കിലും

അദ്ധ്യാപക ബാങ്ക് നവീകരണം കൂടി ഈ സമയ പരിധിക്കകം പൂർത്തീകരിക്കേണ്ട തിനാൽ താഴെ പറയുന്ന സമയക്രമം ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്.

| പ്രവർത്തനം | പൂർത്തിയാക്കേണ്ട തീയ്യതി |
|---|---|
| 1. തസ്തിക നിർണയം പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ സമന്വയയിലെ അദ്ധ്യാപക ബാങ്കിൽ അപ്ഡേറ്റു ചെയ്യേണ്ടത് | 16/08/2022 എ.ഇ.ഒ/ഡി.ഇ.ഒ |
| 2. ജില്ലാതല പുനർവിന്യാസ ഉത്തരവ് പുറപ്പെടുവിക്കുന്നത് (ഡി.ഡി.ഇ) | 17/08/2022 |
| 3. അന്തർജില്ലാ പുനർവിന്യാസത്തിനുള്ള ലിസ്റ്റും ഓരോ ജില്ലകളിലെയും സംരക്ഷിതാദ്ധ്യാപകരെ പുനർ വിന്യസിക്കാനുള്ള ഒഴിവും വിവരവും തസ്തിക തിരിച്ച് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത് (ഡി.ഡി.ഇ) | 19/08/2022 |

## II അദ്ധ്യാപക ബാങ്ക്

2022-23 വർഷത്തെ അദ്ധ്യാപക ബാങ്കിന്റെ സമന്വയ വഴിയുള്ള നവീകരണമാണ് തസ്തിക നിർണയത്തിന്റെ അടുത്ത പ്രധാന ജോലി. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ലോഗിനിൽ Teachers Bank എന്ന ഓപ്ഷൻ ലഭ്യമാണ്. ആയതിൽ ക്ലിക്ക് ചെയ്താൽ Create List എന്ന ഓപ്ഷൻ ലഭിക്കും. ഇതിൽ നിന്നുള്ള To be deployed എന്ന ഓപ്ഷൻ സെലക്റ്റ് ചെയ്ത് ലിസ്റ്റ് ക്രിയേറ്റ് ചെയ്താൽ ജില്ലയിലെ/ഉപജില്ലയിലെ മുഴുവൻ അധിക അദ്ധ്യാപകരുടെയും പേര് വിവരങ്ങൾ കാണാൻ കഴിയും ഇതിൽ ആവശ്യമായ മാറ്റങ്ങൾ (കോർപ്പറേറ്റ് മാനേജ്മെന്റ്, തെറ്റായി ഉൾപ്പെടുത്തിയത്, സംരക്ഷണാനുകൂല്യം ഇല്ലാത്തത് തുടങ്ങിയവയെല്ലരാം ഒഴിവാക്കി) പുതിയവ കൂട്ടിച്ചേർത്തും (മാന്വലായി തസ്തിക നിർണയം ചെയ്തതും, വിട്ടുപോയതും മറ്റും) ലിസ്റ്റ് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കൺഫേം ചെയ്യണം. ഇപ്രകാരം കൺഫേം ചെയ്താൽ പ്രസ്തുത ലിസ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിക്കുന്നതാണ്. ഈ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് പുനർവിന്യസത്തിന്റെ വിവരങ്ങൾ ചേർത്ത് (പുനർവിന്യസിച്ച സ്കൂൾ, ഒഴിവിന്റെ

വിവരങ്ങൾ മുതലായവ) കൺഫേം ചെയ്താൽ ജില്ലയുടെ അദ്ധ്യാപക ബാങ്ക് 2022-23 പ്രസിദ്ധീകരണയോഗ്യമാകും.

വിദ്യാഭ്യാസ ഓഫീസർമാർ സംരക്ഷണാനുകൂല്യമുള്ളവരെ മാത്രമേ പുനർവിന്യാസത്തിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്താവൂ.

സംരക്ഷണാനുകൂല്യമുള്ള ജീവനക്കാരെ 17/08/2022 ന് തന്നെ പുനർ വിന്യസിക്കേണ്ടതും, ജില്ലയിലെ പുനർവിന്യാസം പൂർത്തിയായതിന് ശേഷം പുനർവിന്യാസം നടത്താൻ കഴിയാത്ത അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങളും, സംരക്ഷിത അദ്ധ്യാപക/ജീവനക്കാരുടെ പുനർവിന്യാസത്തിന് ജില്ലയിൽ ലഭ്യമായ ഒഴിവുകളുടെ വിവരങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 19/08/2022 ന് തന്നെ നൽകേണ്ടതാണ്.

<u>സംരക്ഷണാനുകൂലത്തിന് അർഹരായവർ</u>

1. 31/03/2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടരുന്ന അദ്ധ്യാപക/അനദ്ധ്യാപകർ.
2. അദ്ധ്യാപക പാക്കേജ് വഴി 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപകർ.
3. മുൻകാല സംരക്ഷണ ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും.
4. അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റീട്രെഞ്ച്ഡ് അദ്ധ്യാപകർ/തസ്തിക ഇല്ലാതെതന്നെ അദ്ധ്യാപക പാക്കേജ് വഴി മറ്റ് സ്കൂളിലേക്ക് പുനർവിന്യസിപ്പിച്ച് ശമ്പളം വാങ്ങിവരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ.
5. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടതും 2011-12 വർഷം രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് എൽ.പി.യിൽ 1:30 ഉം യു.പി.യിൽ 1:35 ഉം ഹൈസ്കൂളുകളിൽ 1:45 ഉം അനുപാതമനുസരിച്ച് തസ്തികകൾ ലഭ്യമായത് വഴി അംഗീകാരം ലഭിച്ചവരും, 2012-13, 2013-14, 2014-15 വർഷങ്ങളിൽ നടത്തിയ നിയമനങ്ങൾക്ക് (1 മതൽ 5 വരെ ക്ലാസുകൾക്ക് 1:30, 6 മുതൽ 8 വരെ 1:30, 8,9,10 ക്ലാസുകളിൽ 1:45, എന്ന മുറക്ക്) അംഗീകാരം ലഭിച്ചവരുമായ അദ്ധ്യാപകർ. (1 മുതൽ 5 വരെ സ.ഉ(പി)29/2016 തീയതി 29/01/2016 പ്രകാരം അനുവദിച്ചത്)
6. 2011-12 മുതൽ 2014-15 വരെ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് സ.ഉ.8/2022 തീയതി 14/07/2022 പ്രകാരം 31/03/2021 മുതൽ സംരക്ഷണം

നൽകി ഉത്തരവായിട്ടുണ്ട്. ഇപ്രകാരം സംരക്ഷണം ലഭിച്ചവരിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/08/2022-ാം തീയതിയിലെ ഉത്തരവിലെ ലിസ്റ്റിൽ ഉൾപ്പെട്ടവർ.

III. ഒന്നിലധികം സ്കൂളുകളുള്ള വ്യക്തിഗതവും, കോർപ്പറേറ്റും ആയ മാനേജ്മെന്റുകളിലെ സ്കൂളുകളിൽ നിന്നും തസ്തിക നഷ്ടമാകുന്ന ജീവനക്കാരെ സീനിയോറിറ്റി പാലിച്ച് മാനേജ്മെന്റിലെ മറ്റ് സ്കൂളുകളിലെ ലഭ്യമായ ഒഴിവുകളിൽ ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരിച്ചതിനു ശേഷവും സംരക്ഷണാനുകൂല്യമുള്ള അദ്ധ്യാപകർ/അനദ്ധ്യാപകർ പുറത്താകുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച മാനേജർ താഴെ പറയുന്ന തരത്തിലുള്ള സത്യപ്രസ്താവന ഒന്നിലധികം റവന്യൂജില്ലകളിൽ സ്കൂളുകളുള്ള മാനേജർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ഒരു റവന്യൂജില്ലയിൽ മാത്രം സ്കൂളുകളുള്ള മാനേജർമാർ അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം സത്യപ്രസ്താവന ലഭ്യമാക്കിയതിന് ശേഷം സംരക്ഷണത്തിന് അർഹതയുള്ളതും പുനർവിന്യസിക്കപ്പെടേണ്ടതുമായ അദ്ധ്യാപകന്റെ/ അനദ്ധ്യാപകന്റെ പേരുവിവരം ബന്ധപ്പെട്ട ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് മാനേജർ സാക്ഷ്യപത്രത്തിന്റെ പകർപ്പ് സഹിതം നൽകേണ്ടതാണ്.

<u>മാനേജറുടെ സത്യപ്രസ്താവന</u>

**തസ്തിക നഷ്ടമായ, നിയമനാംഗീകാരമുള്ള ജീവനക്കാരനെ നിലനിർത്താൻ മാനേജ്മെന്റിലെ മറ്റ് സ്കൂളുകളിൽ ഒഴിവകൾ ഒന്നും ലഭ്യമല്ലെന്നും, പ്രസ്തുത കാറ്റഗറിയിൽ തസ്തിക നഷ്ടമായ ജീവനക്കാരനെക്കാൾ ജൂനിയറോ നിയമനാംഗീകാരമില്ലാത്തതോ ആയ ആരും തന്നെ മാനേജ്മെന്റിലെ മറ്റ് സ്കൂളുകളിൽ തുടരുന്നില്ലെന്നും ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.**

<u>IV. പൊതുനിർദ്ദേശം</u>

1. തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമന്വയ വഴി ഓൺലൈനായാണ് നടത്തുന്നത്. യു.ഐ.ഡി/ഇ.ഐ.ഡി ഇല്ലാത്ത വിദ്യാർത്ഥികളുടെ സത്യപ്രസ്താവനയും യു.ഐ.ഡി. ഇൻവാലിഡ് ആയ വിദ്യാർത്ഥികളുടെ സത്യപ്രസ്താവനയും സമന്വയിൽ അപ്‌ലോഡ് ചെയ്യുകയാണ് വേണ്ടത്. ആയതിന്റെ ഹാർഡ് കോപ്പി ഓഫീസിൽ വാങ്ങിവെക്കേണ്ടതില്ല.
2. സീനിയോറിറ്റി ലിസ്റ്റ് ഹാർഡ് കോപ്പി വാങ്ങേണ്ടതില്ല.

3. സമന്വയയിൽ അപ്‌ലോഡ് ചെയ്ത രേഖകൾ വീണ്ടും പ്രിന്റ് ഔട്ട് ആവശ്യപ്പെടേണ്ടതില്ല. അറബി, ഉറുദു, സംസ്കൃതം ഭാഷകൾ പഠിക്കുന്ന കുട്ടികളുടെ ഭാഷാ പഠനത്തിന് സമ്മതമറിയിച്ചുള്ള പ്രത്യേക ഡിക്ലറേഷൻ ആവശ്യപെടേണ്ടതില്ല. (ജി.ഒ.(എം.എസ്.)132/81 തീയതി 16/09/1980).

4. പല വിദ്യാഭ്യാസ ഓഫീസർമാരും നിർദ്ദേശിക്കപ്പെട്ടതിൽ നിന്നും വ്യത്യസ്തമായി പലതരത്തിലുള്ള ലിസ്റ്റുകളുടെ ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചട്ടപ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം കുറവു വരുന്ന വിദ്യാർത്ഥികളുടെ എണ്ണം സമന്വയിൽ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ലഭ്യമാക്കുന്നതാണ്. ഇക്കാര്യത്തിൽ മറ്റ് ലിസ്റ്റുകൾ ആവശ്യപ്പെടേണ്ടതില്ല.

5. സർക്കാർ വിദ്യാലയത്തിൽ തസ്തിക നടഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ വിവരം സ്കൂൾ പ്രധാനാദ്ധ്യാപകർ വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടറെ 16/08/2022 നകം അറിയിക്കേണ്ടതാണ്.

6. സർക്കാർ സ്കൂളുകളിൽ തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരും അതേ കാറ്റഗറികളിൽ ഒഴിവു വരുന്ന സ്കൂളുകളിൽ 20/08/2022 ന് മുമ്പായി ക്രമീകരിക്കേണ്ടതാണ്.

ജീവൻ ബാബു കെ, ഐ.എ.എസ്.
പെൻ നം. 699816
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ പ്രധാനാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)
4. വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരവനന്തപുരം.
5. ഓഫീസ് കോപ്പി/സ്റ്റോക് ഫയൽ.